# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 885 — 30.06.2015 - ൽ മറുപടിക്ക്

## ശുദ്ധജലവിതരണം

**ചോദ്യം**

ശ്രീ.പി.തിലോത്തമൻ

(എ) ജലമലിനീകരണവും ജലദൗർലഭ്യവും രൂക്ഷമായിരിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ജനങ്ങൾക്ക് ശുദ്ധജലം ആവശ്യത്തിന് എത്തിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം പദ്ധതികളിലൂടെയാണ് ഇത് നടപ്പിലാക്കുന്നതെന്ന് പറയാമോ; ഓരോ പദ്ധതിയിലൂടെയും ചെലവാകാവുന്ന തുകയും അതിന്റെ പ്രയോജനം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണവും വ്യക്തമാക്കുമോ;

**മറുപടി**

പി ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

(എ) കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളെ തരം തിരിച്ച് പുതിയ പദ്ധതികൾക്കായി സർവ്വെ നടത്തി ഡീറ്റെയിൽഡ് എഞ്ചിനീയറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി വിവിധ ഏജൻസികളെ സമീപിച്ച് ധനലഭ്യത ഉറപ്പുവരുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇപ്രകാരം നിലവിൽ കേരള ജല അതോറിറ്റി 436360.86 ലക്ഷം രൂപയ്ക്കുള്ള 287 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഈ പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ നിലവിലുള്ള ഗുണഭോക്താക്കളുൾപ്പെടെ ഏകദേശം 176 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതികളുടെ വകുപ്പു തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വിഭാഗം | പദ്ധതികളുടെ എണ്ണം | ഭരണാനുമതി ലഭിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| നബാർഡ് | 38 | 72658.32 |
| സ്റ്റേറ്റ് പ്ലാൻ | 31 | 41500.10 |
| യുഡിസ്മാറ്റ് | 10 | 29138.65 |
| ജന്റം | 2 | 28833.00 |
| ജിക്ക | 5 | 239190.00 |
| എൻ.ആർ.ഡി. ഡബ്ല്യൂ.പി. | 194 | 17704.12 |

| | | |
|---|---|---|
| എൻ.ആർ.ഡി. ഡബ്ല്യൂ.പി. ടെക് മിഷൻ | 1 | 5959.00 |
| എൻ.ആർ.ഡി. ഡബ്ല്യൂ.പി. 5% ഈയർ മാർക്ക്ഡ് ക്വാളിറ്റി ഫണ്ട് | 6 | 1377.67 |
| **ആകെ** | **287** | **436360.86** |

ഇതിനുപുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, ന്യൂനപക്ഷക്ഷേമവകുപ്പ് മുതലായ ഏജൻസികളുടെ ഫണ്ട് ഉപയോഗിച്ച് അവരുടെ ആവശ്യപ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിയായി വിതരണശൃംഖല വിപുലീകരണ മുൾപ്പെടെയുള്ള ചെറുകിട പദ്ധതികളും നടപ്പിലാക്കി വരുന്നു.

എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം നിറവേറ്റുന്നതിലേക്കായി കേരള സർക്കാർ നടപ്പാക്കി വരുന്ന വിവിധ പദ്ധതികളിലൊന്നാണ് ജലനിധി രണ്ടാംഘട്ട പദ്ധതി. ജനുവരി 2012-ൽ ആരംഭിച്ച പദ്ധതി. ജൂൺ 2017-ഓടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 1022 കോടി രൂപ അടങ്കലുള്ള ഈ പദ്ധതി പൂർത്തിയാകുന്നതോടുകൂടി ഉദ്ദേശം 11.50 ലക്ഷം ജനങ്ങൾക്ക് കുടിവെള്ളം എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ട 115 ഗ്രാമപഞ്ചായത്തുകളിൽ ഇപ്പോൾ ജലനിധി പദ്ധതിയുടെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

(ബി) ചേർത്തലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും കുടിവെള്ളം എത്താത്ത മേഖല കളിൽ വെള്ളം എത്തിക്കുന്നതിനും എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് അറിയിക്കുമോ; ഈ പദ്ധതി കളിലൂടെ എത്ര പുതിയ കണക്ഷ

(ബി) ചേർത്തല താലൂക്കിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ ജിക്ക ധനസഹായത്തോടെയുള്ള ചേർത്തല ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും പൂർണ്ണ

നുകൾ നൽകാനാവുമെന്ന് അറിയിക്കുമോ; ചേർത്തലയിൽ കുടിവെള്ളമെത്താത്ത ഒട്ടേറെ മേഖലകളിൽ നിരന്തരമായ ആവശ്യമുയർന്നിട്ടും കുടിവെള്ള പൈപ്പുകൾ സ്ഥാപിയ്ക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

തോതിൽ പ്രയോജനം ലഭിക്കുന്നതിനായി പൈപ്പുകൾ സ്ഥാപിച്ചിട്ടില്ലാത്ത സ്ഥലങ്ങളിലേക്ക് പൈപ്പ് സ്ഥാപിക്കുന്നതിനായി നബാർഡിന്റെ ധനസഹായത്തോടെ അരൂർ, ചേർത്തല നിയോജകമണ്ഡലത്തിലെ 18 പഞ്ചായത്തുകളിലേക്കായി നടത്തുന്ന പദ്ധതിക്കായി ടെൻഡർ വിളിച്ച് അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ചേർത്തല താലൂക്കിലെ 18 പഞ്ചായത്തുകൾക്കും ആവശ്യമായ ശുദ്ധജല വിതരണം നടത്താൻ സാധിക്കുന്നതാണ്. ഈ പദ്ധതിയിലൂടെ അപേക്ഷിക്കുന്ന എല്ലാവർക്കും പുതിയ കണക്ഷൻ നൽകാനാവുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ നിരന്തരമായി മറവൻതുരുത്തിൽ പൊട്ടുന്ന ജി.ആർ.പി.പൈപ്പ് (പ്രധാന പമ്പിംഗ് മെയിൻ) മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുകയാണ്. ഈ പണികൾ പൂർത്തിയായിക്കഴിഞ്ഞാൽ പൂർണ്ണ തോതിൽ ജലം പമ്പു ചെയ്യുവാനും ശുദ്ധജലക്ഷാമം പരിഹരിക്കുവാനും കഴിയും.

സെക്ഷൻ ഓഫീസർ